"ഭരണഭാഷ – മാതൃഭാഷ"

നം: എ2/18448/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 08 /05/2018

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് - ഏകലവ്യ/ആശ്രമം/മോഡൽ റസിഡൻഷ്യൽ സ്കൂൾ അധ്യാപകരുടെ സ്ഥലംമാറ്റം മുഖേയനുള്ള നിയമനം 2018-19-സംബന്ധിച്ച്

സൂചന:-
1. സ.ഉ (ആർ.റ്റി) നമ്പർ 2307/2008/പൊ.വി.വ തീയതി, 23/05/2008
2. സ.ഉ (സാധാ) നമ്പർ 1071/2011/പ.ജ.പ.വ.വി.വ തീയതി, 05/11/2011
3. സർക്കാരിന്റെ 25/01/2012 തീയതിയിലെ 77830/ആർ1/2011/ പൊ.വി.വ നമ്പർ കത്ത്
4. സർക്കാരിന്റെ 16/08/2012 തീയതിയിലെ 12012/ആർ1/2012/ പൊ.വി.വ നമ്പർ കത്ത്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/12/2014-ലെ എ1/40801/14/ ഡി.പി.ഐ നമ്പർ സർക്കുലർ
6. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 17/04/2018 തീയതിയിലെ ഡി4/4480/2018 നമ്പർ ഉത്തരവ്
7. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവ് എ.ഡബ്ല്യു.സി1/4871/16 തീയതി, 23/04/2018

****

സംസ്ഥാനത്തു പ്രവർത്തിച്ചു വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിലുള്ള ഒഴിവുകളിൽ സ്ഥലം മാറ്റം മുഖേന അധ്യാപകരെ നിയമിക്കുന്നതിനുള്ള പാനൽ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ സ്കൂളുകളിൽ ജോലി നോക്കുന്ന അധ്യാപകരെ കൂടിക്കാഴ്ചയ്ക്കു ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ ചെയർമാനും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാർ കൺവീനറുമായ ബോർഡാണ് കൂടിക്കാഴ്ച നടത്തുന്നത്. സ്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് പഠിപ്പിക്കുവാനും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം ജോലി ചെയ്യുവാനും താൽപര്യമുള്ള അധ്യാപകർ മാത്രം ഇതോടൊപ്പമുള്ള മാതൃകയിൽ തയ്യാറാക്കിയ അപേക്ഷ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ പങ്കെടുക്കേണ്ടതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഒഴിവുള്ള സ്കൂളുകളിലേയ്ക്ക് 17/05/2018 ന് രാവിലെ 9 മണിക്കും പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള ഒഴിവുള്ള സ്കൂളുകളിലേയ്ക്ക് 22/05/2018 ന് രാവിലെ 9 മണിക്കും കൂടിക്കാഴ്ച

നടത്തുന്നതാണ്. ബോർഡ് രൂപീകരിക്കുന്ന പാനലിൽ നിന്നും താഴെപറയുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തി ലായിരിക്കും അധ്യാപക നിയമനം നടത്തുന്നത്.

***വ്യവസ്ഥകൾ***

1. നിയമനം ലഭിക്കുന്ന അധ്യാപകർ നിർബന്ധമായും സ്കൂൾ ക്വാർട്ടേഴ്സിൽ താമസിച്ച് അധ്യയനം നടത്തേണ്ടതാണ്.
2. പാനലിൽ നിന്നുള്ള നിയമനങ്ങൾ യാതൊരു കാരണവശാലും റദ്ദു ചെയ്തു നൽകുന്നതല്ല. നിയമന ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി നിശ്ചിത തീയതിയ്ക്കകം ജോലിയിൽ പ്രവേശിക്കാത്ത അധ്യാപകർക്കെതിരെ കർശന മായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതാണ്.
3. അഭിമുഖത്തിലൂടെയുള്ള നിയമനങ്ങൾ പൊതുതാൽപര്യാർത്ഥമുള്ള നിയമന ങ്ങളായതിനാൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനു പരിഗണിക്കുവാൻ നിലവിൽ യോഗ്യതയില്ലാത്ത അധ്യാപകർക്കും നിയമനം ലഭിക്കാൻ അർഹതയുണ്ട്.
4. നിയമനം ലഭിക്കുന്ന എല്ലാ അധ്യാപകർക്കും ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷക്കാലം (കുറഞ്ഞത്) നിയമനം ലഭിക്കുന്ന സ്കൂളിൽ ജോലി ചെയ്യേണ്ടതാണ്.
5. എം.ആർ.എസ് സ്ഥിതി ചെയ്യുന്ന ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെടുന്ന യോഗ്യതയുള്ള അധ്യാപകർക്ക് നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി മാത്രം ആയത് അനുവദിച്ചു നൽകുന്നതാണ്. ഇതിലേയ്ക്കായി നിയമനം അന്തർജില്ലാ സ്ഥലംമാറ്റമായി പരിഗണിക്കണമെ ന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ പ്രത്യേകമായി തയ്യാറാക്കി പ്രധാനാധ്യാപ കന്റെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും ശുപാർശയോടുകൂടി കൂടിക്കാഴ്ച സയമത്തുതന്നെ ഹാജരാക്കേണ്ടതാണ്.
6. യോഗ്യതയുണ്ടായിട്ടും അന്തർജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെടാത്ത അധ്യാപ കരെയും അന്തർജില്ലാ സ്ഥലംമാറ്റത്തിന് പരിഗണിക്കുവാൻ യോഗ്യതയില്ലാത്ത അധ്യാപകരെയും എം.ആർ.എസ്-ലെ സേവനകാലാവധിക്കുശേഷം മാതൃ ജില്ലയിലേക്ക് മടക്കി അയയ്ക്കുന്നതാണ്. ഈ അധ്യാപകരുടെ എം.ആർ.എസ് സേവനകാലം മാതൃജില്ലയിൽ നിലനിർത്തി സീനിയോറിറ്റി കണക്കാക്കാവുന്ന താണ്.
7. നിലവിൽ ജോലി ചെയ്യുന്ന ജില്ലയ്ക്കുള്ളിലെ എം.ആർ.എസ്-ൽ നിയമനം ലഭിക്കുന്നവർക്കും അന്തർജില്ലാ സ്ഥലംമാറ്റം മുഖേന നിയമനം ലഭിക്കുന്ന വർക്കും നിർദ്ദിഷ്ട സേവനകാലം പൂർത്തിയാക്കിയതിനു ശേഷം ജില്ലയ്ക്കു ള്ളിലെ പൊതു സ്ഥലംമാറ്റത്തിന് ഓൺലൈൻ മുഖേന അപേക്ഷിക്കാവുന്ന താണ്. ഈ അധ്യാപകരെ എം.ആർ.എസ്-ൽ നിന്നും വിടുതൽ ചെയ്യുന്നതി

ലേയ്ക്കായി പ്രധാനാധ്യാപകന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി ആവശ്യമാണ്.

8. കാലാകാലങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും, പൊതു വിദ്യാഭ്യാസ വകുപ്പും പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർ ബാധ്യസ്ഥരാണ്.

9. ശിക്ഷാ നടപടിയുടെ ഭാഗമായോ മറ്റെന്തെങ്കിലും കാരണത്താലോ എം.ആർ. എസ്- ലെ സേവനം അവസാനിപ്പിക്കുയാണെങ്കിൽ അധ്യാപകരെ അവർ ഏതു ജില്ലയിൽ നിന്നാണോ വന്നത് അതേ ജില്ലയിലേക്കുതന്നെ മാറ്റി നിയമിക്കുന്നതായിരിക്കും.

10. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ മാനേജർ-കം-റസിഡൻഷ്യൽ ട്യൂട്ടർ (എം.സി.ആർ.റ്റി) തസ്തികയിൽ എച്ച്.എസ്.എ കേഡറിലുള്ളവരെ മാത്രമാണ് നിയമനത്തിന് പരിഗണിക്കുന്നത്. ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവരുടെ ജോലികളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഈ ഓഫീസിലെ സൂചന (5) പ്രകാരമുള്ള സർക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ട്.

11. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം ഇതോടൊപ്പം പ്രത്യേകമായി ചേർത്തിട്ടുണ്ട്.

**ജെസ്സി ജോസഫ്**
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
2. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ഇ-മെയിൽ മുഖാന്തിരം)
4. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും } ഉപഡയറക്ടർ മുഖാന്തിരം
6. എല്ലാ ഹെഡ്മാസ്റ്റർ മാർക്കും } ഉപഡയറക്ടർ മുഖാന്തിരം
7. എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.ടി@സ്കൂൾ പ്രോജക്ട് } പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി നൽകുന്നു.
8. കരുതൽ ഫയൽ

ബി.ഒ/-